LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 5 മുറികൾ (മുറി നമ്പർ 9,10,11,12,13).

(ബി) 5 മുറികൾക്കും കൂടി വാടക 4,535 രൂപ.

(സി) ടി സ്ഥാപനവുമായി അവസാനമായി കരാർ ഉടമ്പടിയിലേർപ്പെട്ടത് 2007-08 കാലയളവിലാണ്. കരാർ സംബന്ധിച്ച രേഖകൾ ശേഖരിച്ച് നൽകുന്നതാണ്. ടി സ്ഥാപനവുമായി കരാർ പുതുക്കുന്നതിന് കൗൺസിൽ 3-10-2015-ലെ 11-ാം നമ്പർ ആയി തീരുമാനം എടുത്തിട്ടുണ്ട്.

(ഡി) ഇപ്പോൾ ഇന്ത്യൻ കോഫി ഹൗസ് പ്രവർത്തിക്കുന്നുണ്ട്. ടി സ്ഥാപനവുമായി കരാർ ഏതു കാലയളവുവരെ വച്ചു എന്നുള്ളതിനുള്ള രേഖകൾ ശേഖരിച്ച് നൽകാവുന്നതാണ്. ടി സ്ഥാപനവുമായി കരാർ പുതുക്കുന്നതിന് 3-10-2015-ലെ 11-ാം നമ്പർ പ്രകാരം കൗൺസിൽ തീരുമാനം എടുത്തിട്ടുണ്ട്.

ആലപ്പുഴ ഇ.എം.എസ്. സ്റ്റേഡിയം

100 (1571) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ആലപ്പുഴ നഗരസഭയിലെ ഇ.എം.എസ്. സ്റ്റേഡിയത്തിന്റെയും സ്റ്റേഡിയം കോംപ്ലക്സിന്റെയും തുടർ വികസനത്തിനായി എത്ര തുക അനുവദിച്ചുവെന്നും എന്തെല്ലാം പ്രവർത്തികൾക്കാണെന്നും വ്യക്തമാക്കുമോ;

(ബി) സ്റ്റേഡിയം കോംപ്ലക്സിലെ മുറികൾ വാടകയ്ക്ക് നൽകുന്നതിനായി ഉയർന്ന തുക ക്വാട്ട് ചെയ്തതിനാലാണ് ടെണ്ടർ നടപടികളിൽ ആരും സഹകരിക്കാതിരുന്നതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മുറികൾ വാടകയ്ക്ക് നൽകുന്നതിനായി പരസ്യം നൽകിയിരുന്നോ; മുറികൾ നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമായിരുന്നു;

(ഡി) 2014 മാർച്ച് 30 മുതൽ 2015 മാർച്ച് 30 വരെ മുറികൾക്കായി അപേക്ഷ നൽകിയത് ആരെല്ലാമെന്നും അപേക്ഷയിൻമേൽ അംഗീകാരം നൽകിയ തീയതി, അപേക്ഷകൻ, വാടക അഡ്വാൻസ് അടച്ച തീയതി, മുറിയുടെ നമ്പർ എന്നിവ ക്രമത്തിൽ ലഭ്യമാക്കുമോ;

(ഇ) മേൽപ്പറഞ്ഞ കാലയളവിൽ വാടക അഡ്വാൻസ് അടച്ചവർ കരാർ വയ്ക്കുന്നതിന് എത്ര തുകയുടെ മുദ്രപത്രം വീതമാണ് വാങ്ങിയത്;

(എഫ്) കരാർ വയ്ക്കുന്നതിന് പത്രത്തിന്റെ ഇക നിശ്ചയിച്ചത് ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിലാണ്; പ്രസ്തുത ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ;

(ജി) പ്രസ്തുത നടപടി ക്രമങ്ങൾ നഗരസഭയുടെ ഏതു സെക്ഷനിലാണ് നടപ്പാക്കിയതെന്നും അതിന് ചുമതലപ്പെടുത്തിയിരുന്നവർ ഏത് റാങ്കിലുള്ള ജീവനക്കാരായിരുന്നെന്നും അറിയിക്കുമോ; ഒന്നാമത്തെ നിലയിലെ മുറികൾ അനുവദിച്ച നഗരസഭാ കൗൺസിലിന്റെ തീരുമാനങ്ങൾ എടുത്ത മിനിട്ട്സിന്റെ കോപ്പി ലഭ്യമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്റ്റേഡിയം വികസന പ്രവർത്തനങ്ങൾക്കായി ഇകകൾ ഒന്നും അനുവദിച്ചിട്ടില്ല.

(ബി) ഉയർന്ന നിരക്കിൽ ഡെപ്പോസിറ്റും വാടകയും നിശ്ചയിച്ചതിനാലാണ് പല മുറികളും ഏറ്റെടുക്കുവാൻ മുന്നോട്ടു വരാത്തതെന്ന നിഗമനത്തിൽ വാടകയും ഡെപ്പോസിറ്റും പലപ്പോഴായി കുറച്ചുവെങ്കിലും തുടർന്നും ഭൂരിഭാഗം മുറികളും ഒഴിഞ്ഞ് കിടക്കുകയാണ്.

(സി) പരസ്യം നൽകിയിരുന്നു. നഗരസഭ കൗൺസിൽ അംഗീകരിച്ച നിയമാവലിക്ക് വിധേയമായി ഓരോ മുറിയ്ക്കും നിശ്ചയിച്ചിരിക്കുന്ന ഡെപ്പോസിറ്റിനും വാടകയ്ക്കും മുറി ഏറ്റെടുക്കുവാൻ തയ്യാറുള്ള വ്യക്തികൾക്ക് മുറി അനുവദിക്കുന്നു. ഒന്നിൽ കൂടുതൽ വ്യക്തികൾ ഒരേ മുറിക്ക് അപേക്ഷിക്കുന്നപക്ഷം ലേലം നടത്തി ഏറ്റവും കൂടുതൽ ഡെപ്പോസിറ്റ് ഇക നൽകുവാൻ തയ്യാറാകുന്ന വ്യക്തിക്ക് മുറി അനുവദിക്കുന്നു.

(ഡി)

പേര്	റൂം നമ്പർ	ഡെപ്പോസിറ്റ് ഒടുക്കിയ തീയതി	ഇക	വാടക
(1)	(2)	(3)	(4)	(5)
ബിനോജ് ചാക്കോ	8	1-1-2015	3,00,000 രൂപ	9275
ഹാഷിർ ഖുറേഷി	9	7-1-2014	3,00,000 രൂപ	9275
ബി. നിഹാസ്	6	29.01.2014	3,00,000 രൂപ	9275
മുഹമ്മദ് ഫാസിൽ	7	5-2-2014	3,00,000 രൂപ	9275
ബി. നിഹാസ്	122	7-2-2014	1,50,000 രൂപ	4250

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)	(4)	(5)
ബി. നിഹാസ്	123	7-2-2014	1,50,000 രൂപ	4250
ബി. നിഹാസ്	124	7-2-2014	1,50,000 രൂപ	4250
ശിവപ്രസാദ്	105 മുതൽ 109 വരെ	13-2-2014	7,50,000 രൂപ	21250
ബി. നിഹാസ്	110 മുതൽ 114 വരെ	20-2-2014	7,50,000 രൂപ	21250
ബി. നിഹാസ്	19 മുതൽ 24 വരെ	20-2-2014	16,50,000 രൂപ (364 ച.മീ.)	59400
പി.എ. മുഹമ്മദ് & ബി. നിഹാസ്	115 മുതൽ 117 വരെ	20-2-2014	4,50,000 രൂപ (250 ച.മീ.)	12750
രഞ്ജിത്ധർമ്മരാജൻ	-	24-4-2014	3,50,000 രൂപ	9275
ബി. നിഹാസ്	15 എ	28-4-2014	1,50,000 രൂപ	3750
അനുരൂപ്	33	5-6-2014	1,25,000 രൂപ	2350
രഞ്ജിത് ധർമ്മരാജൻ	26	6-8-2014	3,00,00 രൂപ	9275
പി.എം. ഫഹദ്	18	7-8-2014	3,00,000 രൂപ	9275
രഞ്ജിത് ധർമ്മരാജൻ	3,4,5 മുറികൾ	28-8-2014	6,00,000 രൂപ (250 ച.മീ.)	18750
രഞ്ജിത് ധർമ്മരാജൻ	2	28-8-2014	6,00,000 രൂപ	6250
ശ്യാം ബാബു	12	24-10-2014	3,00,000 രൂപ (364 ച.മീ.)	9275

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)	(4)	(5)
സെക്രട്ടറി, തീരം	118	3-3-2015	1,50,000 രൂപ (250 ച.മീ.)	4250
മുഹമ്മദ് അബ്ദുൾ റഹ്മാൻ	119	16-3-2015	1,50,000 രൂപ	4250
വിശ്വേശ്വർ പണിക്കർ	71,72, 73,74	20-3-2015	3,00,000 രൂപ	9400
കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ	27, 28	24-10-2004	1,28,880 രൂപ (ഒരു മുറി 364 ച.മീ. വീതം)	27825
സെക്രട്ടറി സി.എം.പി.	...	....	2,50,000 രൂപ(94 ച.മീ)	4700

അപേക്ഷയിന്മേൽ അംഗീകാരം നൽകിയ തീയതി സംബന്ധിച്ച വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ഇ) 250 രൂപയുടെ മുദ്രപത്രം.

(എഫ്) 30-7-2005-ലെ 36276/ബി1/05/എൽ.എസ്.ജി.ഡി. നമ്പർ ഉത്തരവനുസരണം ഇ.എം.എസ്. സ്റ്റേഡിയവുമായി ബന്ധപ്പെട്ട ബൈലോയിൽ 9-ാം ഖണ്ഡികയിൽ 250 രൂപ മുദ്രപത്രത്തിൽ കരാർ തയ്യാറാക്കണമെന്ന് നിഷ്കർഷിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിലാണ് ഇക നിശ്ചയിച്ചിട്ടുള്ളത്. ഉത്തരവിന്റെ പകർപ്പ് ശേഖരിച്ച് നൽകുന്നതാണ്.

(ജി) ഇതുസംബന്ധിച്ച നടപടിക്രമങ്ങൾ നഗരസഭയുടെ റവന്യൂ വിഭാഗത്തിലാണ് നടക്കുന്നത്. ചുമതലപ്പെട്ടുത്തിയിരുന്ന ജീവനക്കാരുടെ വിവരങ്ങളും കൗൺസിൽ തീരുമാനത്തിന്റെയും മിനിറ്റ്സിന്റെയും വിവരങ്ങളും (പകർപ്പ് ഉൾപ്പെടെ) ശേഖരിച്ച് നൽകുന്നതാണ്.

ക്ലീൻ കേരള കമ്പനി

101 (1572) <u>ശ്രീ. എ. എ. അസീസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്ലീൻ കേരള കമ്പനി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത കമ്പനിയുടെ പ്രവർത്തന ലക്ഷ്യം വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly